(ബി) തീരദേശത്തു് ബാധിച്ചിരിക്കുന്ന കൊടുംക്ഷാമത്തിനു് നിവാരണമായി സൗജന്യറേഷൻ നൽകാൻ ഗവണ്മെൻറ് ആലോചിക്കുന്നുണ്ടോ ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൻ) :

(എ) പ്രകൃതിക്ഷോഭംമൂലം കഷ്ടനഷ്ടങ്ങളുണ്ടാകുന്നതായി തെളിയുന്ന മൽസ്യത്തൊഴിലാളികൾക്കു് സഹായധനം കൊടുക്കുന്നുണ്ടു്.

(ബി) തീരദേശത്തു് കൊടുംക്ഷാമം ഇപ്പോൾ നിലവിലുള്ളതായി അറിവില്ല.

എംപ്ലായ്മെൻറ് എക്സ്ചേഞ്ചു്.

* 722. [11] ശ്രീ. കുട്ടപ്പൻ കോയിക്കൽ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ–കൊച്ചിയിൽ എംപ്ലായ്മെൻറ് എക്സ്ചേഞ്ചു് മുഖേന ഏതെല്ലാം തൊഴിലുകളിലേക്കാണു് ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നതു് ;

(ബി) 1955–ൽ എത്ര പേർ രജിസ്റ്റർ ചെയ്തിട്ടുണ്ടു് ; ഇവരിൽ എത്ര പേർക്കു് ജോലി നൽകിയിട്ടുണ്ടു് ; ഏതെല്ലാം തൊഴിലുകളിൽ ;

(സി) കമ്മ്യൂണിറ്റിപ്രോജക്റ്റു്, വികസനപദ്ധതികൾ, ഇവകളിൽ ഉദ്യോഗാർത്ഥികളെ നിയമിക്കുന്നതു എംപ്ലായ്മെൻറു് എക്സ്ചേഞ്ചു വഴിയാണോ; അല്ലെങ്കിൽ എന്തുകൊണ്ടു് ;

(ഡി) ചില മണൽകമ്പനികളിൽ ജോലി നൽകുന്നതു് എംപ്ലായ്മെൻറ് എക്സ്ചേഞ്ചിൽ പേരു രജിസ്റ്റർ ചെയ്യുവർക്കാണോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(എ) കമ്മിത്തപാലാഫീസിലേയും കൺട്രോളർ ആഫീസിലേയും ക്ലാസ് III ഉദ്യോഗങ്ങൾ ഒഴികെ കേന്ദ്രഗവണ്മെൻറിൻെറ നമ്മുടെ സംസ്ഥാനത്തുള്ള എല്ലാ ആഫീസുകളിലേക്കും മൂന്നും നാലും ക്ലാസുകളിൽപ്പെട്ട ഉദ്യോഗസ്ഥന്മാരെ തിരഞ്ഞെടുക്കുന്നതു് എംപ്ലായ്മെൻറ് എക്സ്ചേഞ്ചു് വഴിയാണു്.

2. പബ്ലിക്സർവ്വീസ്കമ്മീഷൻെറ നിയമനപരിധിക്കു പുറമെ സ്റ്റേറ്റ് സർവ്വീസിലുള്ള എല്ലാ ഒഴിവുകളും മറുപക്ഷക്ഷന്മാർ സാധാരണയായി എക്സ്ചേഞ്ചിലേക്കു റിപ്പോർട്ടു് ചെയ്യാറുണ്ടു്.

3. റബ്ബർ, ടൈറാനിയം, മോണോസൈറ്റ് തുടങ്ങി ഗവണ്മെൻറ് ഉടമയിൽ നടത്തുന്ന കമ്പനികളും ഒഴിവുകൾ വരുമ്പോൾ എക്സ്ചേഞ്ചിലേക്കു റിപ്പോർട്ട ചെയ്യാറുണ്ടു്.

(ബി) 1955–ൽ ജൂലൈ 31-ാംതീയതിവരെ രജിസ്റ്റർ ചെയ്തവർ 22567.

1955–ൽ ജൂലൈ 31–ാംതീയതിവരെ ഉദ്യോഗം ലഭിച്ചവർ 3139 കേന്ദ്രഗവണ്മെൻറ് സർവ്വീസിലും, സ്റ്റേറ്റ് ഗവണ്മെൻറ് ഡിപ്പാർട്ടുമെൻറുകളിലും ഗവണ്മെൻറിനു മുതൽ മുടക്കുള്ള കമ്പനികളിലും.

LIBRARY ARCHIVES Kerala Legislative Assembly

(സി) അല്ല. നിയമനങ്ങൾ മറ്റു ഡിപ്പാർട്ടുമെൻറുകളിൽ നിന്നോ സ്പെഷ്യൽ കമ്മറ്റികളുടെ ശുപാർശ അനുസരിച്ചോ ചെയ്യുന്നതിനാൽ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുവഴി നടത്താറില്ല.

(ഡി) എഴുപത്തിയഞ്ചു രൂപയോ അതിൽ കുറഞ്ഞ അടിസ്ഥാന ശമ്പളമോ ഉള്ള ഉദ്യോഗങ്ങളെല്ലാം എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുവഴിയാണ് നടത്തുന്നത്.

തെക്കൻതിരുവിതാംകൂറിലെ പോലീസ് അക്രമങ്ങൾ.

* 723. [12] ശ്രീ. പി. ആർ. മാധവൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തെക്കൻതിരുവിതാംകൂറിലെ വെടിവയ്പിനെ തുടർന്ന് ആ പ്രദേശങ്ങളിൽ പോലീസ് ഉദ്യോഗസ്ഥന്മാരും അവരുടെ സ്ഥിരം ഗുണ്ടാകളും ചേർന്ന് നടത്തിയ അക്രമങ്ങളെപ്പറ്റി അന്വേഷിക്കാമെന്നു മുഖ്യമന്ത്രി കഴിഞ്ഞ നിയമസഭാസമ്മേളനത്തിൽ വച്ചു ഉറപ്പു നൽകുകയുണ്ടായില്ലേ ;

(ബി) പോലീസ് ഗുണ്ടാ അക്രമങ്ങളെപ്പറ്റി തെക്കൻതിരുവിതാംകൂറിൽനിന്നു വ്യക്തമായ പരാതികൾ ഗവണ്മെൻറിനു ലഭിച്ചു. അതിന്മേൽ എന്തെങ്കിലും നടപടി നടത്തി, ഏതു പോലീസ് ഉദ്യോഗസ്ഥന്മാരെ ശിക്ഷിച്ചുവെന്നുള്ള വിവരം വ്യക്തമാക്കുമോ ;

(സി) മേൽപറഞ്ഞ സംഭവങ്ങൾ നടക്കുന്ന കാലത്തു തെക്കൻതിരുവിതാംകൂറിൽ ഇതൊക്കെ നടത്തിയ ഏതു പോലീസ് ഉദ്യോഗസ്ഥന്മാർക്കു പ്രമോഷനും സമ്മാനങ്ങളും നൽകി.

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ) :

(എ) പോലീസ് അക്രമങ്ങളെപ്പറ്റി വ്യക്തമായ പരാതികൾ ചൂണ്ടിക്കാണിച്ചാൽ അവയെപ്പറ്റി അന്വേഷണം നടത്താമെന്നു പ്രസ്താവിച്ചിരുന്നു.

(ബി) പരാതികൾ ലഭിച്ചു. എന്നാൽ പിന്നീടുണ്ടായ സാഹചര്യങ്ങളിൽ പോലീസിൻറെ മേൽ ആരോപിച്ചിട്ടുള്ള പരാതികളെപ്പറ്റി അന്വേഷണം നടത്തേണ്ടതില്ല എന്നു തീരുമാനിച്ചു.

(സി) യാതൊരു പോലീസ് ഉദ്യോഗസ്ഥനും അക്രമങ്ങൾ പ്രവർത്തിച്ചുവെന്ന പേരിൽ പ്രമോഷനോ സമ്മാനങ്ങളോ നൽകിയിട്ടില്ല. എന്നാൽ തമിഴ്നാട്ടു പ്രക്ഷോഭണം സംബന്ധിച്ചു കൃത്യബോധത്തോടുകൂടി കാര്യക്ഷമമായി പ്രവർത്തിച്ചതിനു എട്ടു പോലീസ് ഉദ്യോഗസ്ഥന്മാർക്കു പാരിതോഷികങ്ങൾ നൽകിയിട്ടുണ്ട്.

ധീരതയ്ക്കുള്ള ബഹുമതിമുദ്ര.

* 724. [13] ശ്രീ. പി. ആർ. മാധവൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തെക്കൻ തിരുവിതാംകൂറിൽ തമിഴ്നാട് പ്രക്ഷോഭണകാലത്തു ധീരതയോടും, ന്യായദീക്ഷയോടും പെരുമാറിയതിനു് എന്തെങ്കിലും ഉദ്യോഗസ്ഥന്മാർക്കു ബഹുമതിമുദ്ര നൽകിയിട്ടുണ്ടോ ? ആർക്കൊക്കെയാണു് നൽകിയതു് :

LIBRARY ARCHIVES Kerala Legislative Assembly